**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 310 | 27.02.2017 ൽ മറുപടിക്ക്

## നിർമ്മാണം പൂർത്തിയായ കൊയിലാണ്ടി ആശുപത്രിയുടെ പ്രവർത്തനം

| ചോദ്യം<br>ശ്രീ.കെ. ദാസൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കൊയിലാണ്ടിയിൽ നിർമ്മാണം പൂർത്തിയായ പുതിയ കെട്ടിടത്തിൽ ആശുപത്രി പ്രവർത്തിക്കാനാവശ്യമായ സംവിധാനങ്ങൾ സജ്ജീകരിച്ചിട്ടില്ലാത്തതിനാൽ ആശുപത്രി പ്രവർത്തിക്കാൻ കഴിയാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ആശുപത്രിയിലെ പുതിയ കെട്ടിടം പ്രവർത്തിക്കാനാവശ്യമായ സജ്ജീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) | ഇത് സംബന്ധിച്ച് ആശുപത്രി സൂപ്രണ്ട് കോഴിക്കോട് ഡി.എം.ഒ മുഖേന മേലധികാരികൾക്ക് സമർപ്പിച്ച പ്രൊപ്പോസൽ ഇപ്പോൾ നടപടികളുടെ ഏത് ഘട്ടത്തിലാണ് എന്നത് വിശദമാക്കാമോ; | (ബി) | പ്രസ്തുത ആശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനായുള്ള പ്രൊപ്പോസൽ ആർദ്രം മാനദണ്ഡം അനുസരിച്ച് താലൂക്ക് ആശുപത്രികളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ സമാഹൃത പ്രൊപ്പോസലിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| (സി) | അടിയന്തര പ്രാധാന്യം നൽകി കൊയിലാണ്ടി ആശുപത്രിയിൽ സ്ഥാപിക്കേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; എത്ര കോടി രൂപയുടെ പദ്ധതി പ്രൊപ്പോസലാണ് ഈ ആവശ്യത്തിനായി സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുള്ളത് എന്നത് കൂടി വിശദമാക്കുമോ? | (സി) | പ്രസ്തുത ആശുപത്രിയിൽ ആവശ്യമുള്ള അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആർദ്രം മാനദണ്ഡം ആക്കിയിട്ടുള്ള സമാഹൃത പ്രൊപ്പോസലിൽ ഉൾപ്പെട്ടിട്ടുണ്ട്. ഒരു കോടി എൺപത്തി ഏഴുലക്ഷത്തി മുപ്പത്തിനാലായിരത്തി മുന്നൂറ്റി അൻപത്തി രണ്ട് രൂപയുടെ പ്രൊപ്പോസലാണ് കൊയിലാണ്ടിയ്ക്കുവേണ്ടി ഉൾപ്പെടുത്തിയിട്ടുള്ളത്. |

[signature]

സെക്ഷൻ ഓഫീസർ